പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4436 | 17.05.2017 -ൽ മറുപടിക്ക്.

## ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം അനുവദിച്ച ഭക്ഷ്യധാന്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയതു പ്രകാരം കേന്ദ്രസർക്കാർ സംസ്ഥാനത്തിന് എത്ര ടൺ ഭക്ഷ്യധാന്യമാണ് അനുവദിച്ച നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; | (എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയതു പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് പ്രതിവർഷം 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് **(പ്രതിമാസം 118754.083 മെട്രിക് ടൺ)** അനുവദിച്ച നൽകിയിട്ടുള്ളത്. |
| (ബി) 2017 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ എത്ര ടൺ ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുത്ത് വിതരണത്തിനായി റേഷൻ കടകൾക്ക് നൽകിയിട്ടുണ്ട്; അരിയുടെയും ഗോതമ്പിന്റെയും അളവ് പ്രത്യേകം വ്യക്തമാക്കാമോ ; | (ബി) 2017 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഏറ്റെടുത്ത് വിതരണത്തിന് റേഷൻ കടകൾക്ക് നല്കിയിട്ടുള്ള അരിയുടെയും ഗോതമ്പിന്റെയും അളവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

**(അളവ് - മെട്രിക് ടണ്ണിൽ)**

| മാസം | അരി | ഗോതമ്പ് | ആകെ |
|---|---|---|---|
| മാർച്ച് 2017 | 102174.866 | 16579.217 | 118754.083 |
| ഏപ്രിൽ 2017 | 95715.792 | 23038.291 | 118754.083 |
| ആകെ | 197890.658 | 39617.508 | 237508.166 |

| | |
|---|---|
| (സി) അനുവദിച്ചതിന്റെ എത്ര ശതമാനമാണ് ഏറ്റെടുത്ത് വിതരണത്തിനായി നൽകിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ? | (സി) 2017 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ അനുവദിച്ചതിന്റെ 100 ശതമാനം ഭക്ഷ്യധാന്യങ്ങളും ഏറ്റെടുത്ത് വിതരണത്തിനായി നൽകിയിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം 2017 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഓരോ മാസവും അനുവദിച്ചിട്ടുള്ളത് 118754.083 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ്. ഇത് പൂർണ്ണമായും വിട്ടെടുത്തിട്ടുള്ളതും വിതരണത്തിനായി നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ